**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒരു കോടി പത്ത് ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചെലവ് ഉൾപ്പെടെ 1,12,00,000/- രൂപ അടങ്കൽ തുക കണക്കാക്കി ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്ക് ആവശ്യമായ തുക കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ വൈപ്പിൻ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 46,00,000/- രൂപ അനുവദിച്ചും. ടൂറിസം വകുപ്പിൽ നിന്നും 50,00,000/- രൂപ അനുവദിച്ചും, ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 4,00,000/- രൂപയും, ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 4,00,000/- രൂപയും ജില്ലാപഞ്ചായത്തിന്റെ വിഹിതമായി 8,00,000/- രൂപയും വകയിരുത്തിക്കൊണ്ടും തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിന്റെ 1,12,00,000/- രൂപക്കുള്ള പ്രൊപ്പോസലിന് അംഗീകാരം നല്കുന്ന വിഷയം വിനോദ സഞ്ചാര വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളുമായി കരാർ വെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (സി) | അക്രഡിറ്റഡ് ഏജൻസികളുമായി കരാർ വച്ചിട്ടില്ല. താല്പര്യപത്രം ക്ഷണിച്ചത് പ്രകാരം Centre for Environment Architecture and Human Settlement, No.148, First Floor, Sixth Cross Road, Girinagar, Kadavanthra, Cochin-20, Kerala എന്ന സ്ഥാപനം സമർപ്പിച്ച താല്പര്യപത്രം അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഡിപിആർ എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്നും പദ്ധതി നടപ്പിലാക്കുന്നതിന് സി.ആർ.ഇസഡ് അനുമതി ആവശ്യമാണോയെന്നും എങ്കിൽ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ? | (ഡി) | അടിയന്തരമായി കരാറിൽ ഏർപ്പെടണമെന്നും, ഡീ.പി.ആർ സമർപ്പിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കമ്പനിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>ടി പദ്ധതി പ്രദേശം സി.ആർ.ഇസഡ് മേഖലയിൽ ഉൾപ്പെടുന്നതിനാൽ പദ്ധതിക്ക് കെ.സി.ഇസഡ്.എം.എയുടെ മുൻകൂർ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ